## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2068 10/10/2011-ൽ മറുപടിയ്ക്ക്

### ശ്രീചിത്ര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൻെറ മാതൃകയിൽ വയനാട് സ്ഥാപിക്കുന്ന ആശുപത്രി

ചോദ്യം | മറുപടി

ശ്രീ. സി. മമ്മൂട്ടി:

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

---

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരത്തെ ശ്രീചിത്ര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൻെറ മാതൃകയിൽ വയനാട് ജില്ലയിൽ ആശുപത്രി സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) (ബി) & (സി) | വയനാട് ജില്ലയിൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൻെറ ഒരു യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സർക്കാർ തലത്തിൽ നടന്നു വരികയാണ്. ഈ സ്ഥാപനത്തിനായി സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ 30/06/2011 ൽ ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ബന്ധപ്പെട്ടവരുടെ യോഗം ചർച്ച ചെയ്തതിൻെറ അടിസ്ഥാനത്തിൽ, സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി കാലതാമസം നേരിടുന്നതിനാൽ ടി ആവശ്യത്തിന് യോജിച്ച ഏതെങ്കിലും സർക്കാർ ഭൂമി പ്രസ്തുത ജില്ലയിൽ ലഭ്യമാണോയെന്ന് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്യുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടു. ജില്ലാ കളക്ടർ നിർദ്ദേശിച്ചതു പ്രകാരം ശ്രീ.ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജിയിലെ വിദഗ്ദ്ധ സംഘം സർക്കാരിൻെറ അധീനതയിലുള്ള വൈത്തിരി താലൂക്കിലെ ലക്കിടി |
| (ബി) | ഇതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇല്ലെങ്കിൽ ഏതെല്ലാം സ്ഥലങ്ങൾ പരിശോധിച്ചുവെന്നും സ്ഥലം ഏറ്റെടുക്കുന്നതിൽ എന്തു തടസ്സമാണുള്ളതെന്നും വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഡിവിഷനിൽ ഉൾപ്പെട്ട പ്രിയദർശിനി എസ്റ്റേറ്റ് 26/09/11 ൽ സന്ദർശിച്ചു. പ്രസ്തുത സ്ഥലം വനഭൂമിയാൽ ചുറ്റപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ സ്ഥാപനത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇവിടെ നടത്താനാവുന്നതാണോയെന്നതു സംബന്ധിച്ച് ഒരു ശാസ്ത്രീയ പഠനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മുഖേന നടത്തുന്നതിനായി വയനാട് സബ്കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധ സംഘം ഗ്ലെൻ ലാവൻ എസ്റ്റേറ്റ്–ബോയ്സ് ടൗൺ പെരുന്തട്ട എസ്റ്റേറ്റ്, കുറിച്യാർമല എസ്റ്റേറ്റ്-വൈത്തിരി, പ്രിയദർശിനി എസ്റ്റേറ്റ്– മാനന്തവാടി, പാരിസൺ എസ്റ്റേറ്റ് – മാനന്തവാടി, ബീനാച്ചി എസ്റ്റേറ്റ് – സുൽത്താൻ ബത്തേരി എന്നീ സ്ഥലങ്ങളും സന്ദർശിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ